**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4805** **19-03-2025 - ൽ മറുപടിയ്ക്ക്**

**സിനിമകളിലെ ലഹരി, വയലൻസ് ദൃശ്യങ്ങൾ നിയന്ത്രിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സമൂഹത്തിൽ വർദ്ധിച്ചു വരുന്ന ലഹരി മരുന്ന് ഉപയോഗത്തിനും അക്രമങ്ങൾക്കും ചില സിനിമകൾ പ്രചോദനമാണെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വിഷയത്തിൽ സർക്കാരിന്റെ നിലപാട് വ്യക്തമാക്കാമോ; | (എ) | സമൂഹത്തിൽ വർദ്ധിച്ചു വരുന്ന ലഹരി മരുന്ന് ഉപയോഗത്തിനും അക്രമങ്ങൾക്കും ചില സിനിമകൾ പ്രചോദനമാണെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>സെൻസർ ബോർഡാണ് ഇത്തരം സിനിമകളുടെ സർട്ടിഫിക്കറ്റ് നൽകുന്നത് സംബന്ധിച്ച് തീരുമാനമെടുക്കേണ്ടത് എന്നതിനാൽ ഇത്തരത്തിലുള്ള ചില പരാതികൾ സർക്കാരിൽ ലഭിക്കുകയും ആയത് സെൻട്രൽ ബോർഡ് ഓഫ് ഫിലിം സർട്ടിഫിക്കേഷൻ (CBFC) തിരുവനന്തപുരം റീജിയണൽ ഓഫീസിൽ അറിയിക്കുകയും ചെയ്തിരുന്നു. CBFC ആസ്ഥാനം മുഖേന ഈ വിഷയം കേന്ദ്ര വാർത്താ വിതരണ മന്ത്രാലയത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് തിരുവനന്തപുരം റീജിയണൽ ഓഫീസിൽ നിന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>സിനിമകളിലെ ലഹരി ഉപയോഗം, അക്രമം എന്നിവ പ്രതിപാദിക്കുന്ന രംഗങ്ങൾക്ക് സ്വയം നിയന്ത്രണം ഏർപ്പെടുത്തുന്നത് സംബന്ധിച്ച് ബന്ധപ്പെട്ട സിനിമാ സംഘടനകളുമായി സർക്കാർ ചർച്ച നടത്തുന്നതാണ്. |
| (ബി) | സിനിമകളിൽ കണ്ടുവരുന്ന ലഹരി ഉപയോഗവും വയലൻസ് ദൃശ്യങ്ങളും നിയന്ത്രിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (ബി) | സമൂഹത്തിൽ വർദ്ധിച്ചു വരുന്ന ലഹരി മരുന്ന് ഉപയോഗത്തിനും അക്രമങ്ങൾക്കും ചില സിനിമകൾ പ്രചോദനമാണെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>സെൻസർ ബോർഡാണ് ഇത്തരം സിനിമകളുടെ സർട്ടിഫിക്കറ്റ് നൽകുന്നത് സംബന്ധിച്ച് തീരുമാനമെടുക്കേണ്ടത് എന്നതിനാൽ ഇത്തരത്തിലുള്ള ചില പരാതികൾ സർക്കാരിൽ ലഭിക്കുകയും ആയത് സെൻട്രൽ ബോർഡ് ഓഫ് ഫിലിം സർട്ടിഫിക്കേഷൻ (CBFC) തിരുവനന്തപുരം റീജിയണൽ ഓഫീസിൽ അറിയിക്കുകയും |

| | | | |
|---|---|---|---|
| | | | ചെയ്തിരുന്നു. CBFC ആസ്ഥാനം മുഖേന ഈ വിഷയം കേന്ദ്ര വാർത്താ വിതരണ മന്ത്രാലയത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് തിരുവനന്തപുരം റീജിയണൽ ഓഫീസിൽ നിന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>സിനിമകളിലെ ലഹരി ഉപയോഗം, അക്രമം എന്നിവ പ്രതിപാദിക്കുന്ന രംഗങ്ങൾക്ക് സ്വയം നിയന്ത്രണം ഏർപ്പെടുത്തുന്നത് സംബന്ധിച്ച് ബന്ധപ്പെട്ട സിനിമാ സംഘടനകളുമായി സർക്കാർ ചർച്ച നടത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ